## അധ്യായം 91
## അശ്ശംസ്
അവതരണം മക്കയിൽ, വചനങ്ങൾ 15

---

### അധ്യായ പരിചയം

ഈ അധ്യായം അവതരിച്ചത് മക്കയിൽ, പ്രവാചകജീവിതത്തിൻെറ ആദ്യഘട്ടത്തിലാണ്. പ്രധാനമായും മനുഷ്യമനസ്സുകളുടെ സംസ്കരണവും അവൻ തൻെറ സ്രഷ്ടാവിനെ അംഗീകരിച്ചു ജീവിക്കുകയും അതുവഴി തൻെറ പാരത്രികവിജയം കരസ്ഥമാക്കുകയും ചെയ്യാൻ പ്രേരിപ്പിക്കുകയാണ് ഈ അധ്യായത്തിൻെറ ലക്ഷ്യം.

ഈ ലക്ഷ്യം സാധിക്കുന്നതിനനുസൃതമായി മനുഷ്യഹൃദയങ്ങളിൽ സ്രഷ്ടാവ് നന്മയോടുള്ള അഭിവാഞ്ഛ കുടിയിരുത്തിയിട്ടുണ്ട്. തിന്മയോടുള്ള പ്രതിപത്തിയും കുടിയിരുത്തിയിട്ടുണ്ട്. അവ തമ്മിൽ വേർതിരിക്കുകയും നന്മ അനുസരിച്ചു ജീവിക്കുകയും ചെയ്യുകയത്രെ വിജയത്തിൻെറ ഉപാധി.

ഏഴ് പ്രപഞ്ചപ്രതിഭാസങ്ങളെ പിടിച്ചു ആണയിട്ടുകൊണ്ടാണ് ഈ പരമാർഥം അല്ലാഹു മനുഷ്യരുടെ മുമ്പാകെ സമർപ്പിക്കുന്നത്. കത്തിത്തിളങ്ങുന്ന സൂര്യൻ, പ്രകാശം പരത്തുന്ന ചന്ദ്രൻ, പ്രകാശിതമായ പകൽ, അന്ധകാരം നിറഞ്ഞ രാത്രി, തൂണുകളില്ലാതെ ഉയർന്നു നില്ക്കുന്ന ആകാശം, വിശാലമായ ഭൂമി, മനുഷ്യരുടെ ആത്മാവ് എന്നിവയാണവ. അവയെ പിടിച്ച് ആണയിട്ട് അവൻ പറയുന്നു, മനുഷ്യൻ തൻെറ മനസ്സിനെ സംസ്കരിച്ചെങ്കിൽ മാത്രമേ അവൻ വിജയിക്കുകയുള്ളൂ. അല്ലാത്തവർ പരാജയപ്പെടുകയാണ് ചെയ്യുക.

മനുഷ്യരുടെ പരാജയം ദൈവധിക്കാരത്തിൻെറ ഭാഗമാണ്. ചരിത്രത്തിൽ അതിന് ഒട്ടേറെ പാഠങ്ങളുണ്ട്. അത്തരത്തിൽ പെട്ട ഒരു കഥ മനുഷ്യന് പാഠമായി അവൻ വിവരിക്കുന്നു. ഥമൂദ് സമൂഹം അത്തരം കാരണത്താൽ നശിപ്പിക്കപ്പെട്ട ജനതയാകുന്നു. അവരുടെ അനുഭവത്തിൽനിന്ന് പാഠം പഠിക്കുന്നതിനായാണ് ഖുർആൻ ആ സംഭവം ഇവിടെ വിവരിച്ചത്.

### അർഥം:

പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

| | | |
|---|---|---|
| وَٱلشَّمۡسِ | വശ്ശംസി | സൂര്യൻ തന്നെയാണ് സത്യം, |
| وَضُحَىٰهَا ١ | വദുഹാഹാ | അതിൻെറ പ്രകാശവുമാണ് സത്യം. |
| وَٱلۡقَمَرِ | വൽഖമരി | ചന്ദ്രനാണ് സത്യം, |
| إِذَا تَلَىٰهَا ٢ | ഇദാ തലാഹാ | അത് അതിനെ (സൂര്യനെ)തുടർന്നുവരുമ്പോൾ. |
| وَٱلنَّهَارِ | വന്നഹാരി | പകലിനെ തന്നെയാണ് സത്യം, |
| إِذَا جَلَّىٰهَا ٣ | ഇദാ ജല്ലാഹാ | അത്(സൂര്യൻ)അതിനെ പ്രത്യക്ഷപ്പെടുത്തുമ്പോൾ. |
| وَٱلَّيۡلِ | വല്ലൈലി | രാത്രിയെ തന്നെയാണ് സത്യം, |
| إِذَا يَغۡشَىٰهَا ٤ | ഇദാ യഗ്ശാഹാ | അത് അതിനെ മൂടുമ്പോൾ. |
| وَٱلسَّمَآءِ | വസ്സമാഇ | ആകാശം തന്നെയാണ് സത്യം, |

| | | |
|---|---|---|
| وَمَا بَنَىٰهَا ﴿٥﴾ | വമാ ബനാഹാ | അതിനെ ഉണ്ടാക്കിയ രീതിയുമാണ് സത്യം. |
| وَٱلْأَرْضِ | വൽ അർദി | ഭൂമിയെകൊണ്ടും സത്യം, |
| وَمَا طَحَىٰهَا ﴿٦﴾ | വമാ ത്വഹാഹാ | അതിനെ വിസ്തൃതമാക്കിയരീതിയുമാണ് സത്യം. |
| وَنَفْسٍ | വനഫ്സിൻ | മനുഷ്യമനസ്സുകൾ തന്നെയാണ് സത്യം, |
| وَمَا سَوَّىٰهَا ﴿٧﴾ | വമാ സവ്വാഹാ | അതിനെ സംവിധാനിച്ച രീതിയുമാണ് സത്യം. |
| فَأَلْهَمَهَا | ഫഅൽഹമഹാ | എന്നിട്ട് അവൻ അതിന് ബോധനം നല്കി. |
| فُجُورَهَا | ഫുജൂറഹാ | അതിൻെറ ദുഷ്ടത |
| وَتَقْوَىٰهَا ﴿٨﴾ | വതഖ്വാഹാ | അതിൻെറ സൂക്ഷ്മതയും. |
| قَدْ أَفْلَحَ | ഖദ് അഫ്ലഹ | തീർച്ചയായും വിജയം വരിച്ചിരിക്കുന്നു, |
| مَن زَكَّىٰهَا ﴿٩﴾ | മൻ സക്കാഹാ | അതിനെ സംസ്കരിച്ചവൻ. |
| وَقَدْ خَابَ | വഖദ് ഖാബ | തീർച്ചയായും നിർഭാഗ്യവാനായിരിക്കുന്നു, |
| مَن دَسَّىٰهَا ﴿١٠﴾ | മൻ ദസ്സാഹാ | അതിനെ കളങ്കപ്പെടുത്തിയവൻ. |
| كَذَّبَتْ | കദ്ദബത്ത് | നിഷേധിച്ചുതള്ളി, |
| ثَمُودُ | ഥമൂദു | ഥമൂദ് ഗോത്രം, |
| بِطَغْوَىٰهَآ ﴿١١﴾ | ബിത്വഗ്വാഹാ | അതിൻെറ ധിക്കാരം മൂലം. |
| إِذِ ٱنۢبَعَثَ | ഇദിമ്പഅഥ | ഒരുങ്ങിപ്പുറപ്പെട്ട സന്ദർഭം, |
| أَشْقَىٰهَا ﴿١٢﴾ | അശ്ഖാഹാ | അവരുടെ കൂട്ടത്തിലെ ദുഷ്ടന്മാർ. |
| فَقَالَ | ഫഖാല | അപ്പോൾ പറഞ്ഞു: |
| لَهُمْ | ലഹും | അവരോട് |
| رَسُولُ ٱللَّهِ | റസൂലുല്ലാഹി | ദൈവദൂതൻ |
| نَاقَةَ ٱللَّهِ | നാഖത്തല്ലാഹി | ദൈവത്തിൻെറഒട്ടകത്തെ (നിങ്ങൾസൂക്ഷിക്കുക) |
| وَسُقْيَٰهَا ﴿١٣﴾ | വസുഖ്യാഹാ | അതിൻെറ കുടിവെള്ളത്തെയും. |
| فَكَذَّبُوهُ | ഫകദ്ദബൂഹു | അപ്പോൾ അവർ അദ്ദേഹത്തെ കളവാക്കി |
| فَعَقَرُوهَا | ഫഅഖറൂഹാ | അങ്ങനെ അതിനെ അറുക്കുകയും ചെയ്തു |

| | | |
|---|---|---|
| فَدَمۡدَمَ | ഫദംദമ | അങ്ങനെ നാശം വരുത്തി |
| عَلَيۡهِمۡ | അലൈഹിം | അവരെ |
| رَبُّهُم | റബ്ബുഹും | അവരുടെ രക്ഷിതാവ് |
| بِذَنۢبِهِمۡ | ബിദൻബിഹിം | അവരുടെ പാപം നിമിത്തം |
| فَسَوَّىٰهَا ﴿١٤﴾ | ഫസവ്വാഹാ | അങ്ങനെ അത് സമമാക്കുകയും ചെയ്തു. |
| وَلَا يَخَافُ | വലാ യഖാഫു | അവർ ഭയപ്പെട്ടിരുന്നുമില്ല, |
| عُقۡبَٰهَا ﴿١٥﴾ | ഉഖ്ബാഹാ | അതിൻെറ അനന്തരഫലം. |

വചന വിശകലനം:

وَٱلشَّمۡسِ وَضُحَىٰهَا ﴿١﴾ വസ്സമാഇ വദുഹാഹാ

സൂര്യനും അതിൻെറ പ്രകാശവും തന്നെയാണ് സത്യം

സൂര്യൻ ഉദിച്ചുയരുമ്പോഴുണ്ടാകുന്ന അതിൻെറ പ്രകാശത്തെയാണ് ഇവിടെ “ദുഹാ” എന്ന പദം കൊണ്ട് വിവക്ഷിക്കുന്നത്. സൂര്യൻെറ പ്രകാശമാണ് അതു കൊണ്ട് ഉദ്ദേശിക്കുന്നതെന്നാണ് പ്രമുഖരായ എല്ലാ ഖുർആൻ വ്യാഖ്യാതാക്കളും അഭിപ്രായപ്പെട്ടിരിക്കുന്നത്. എന്നാൽ പകൽവേളയെ മുഴുവൻ ആ പദം കൊണ്ട് അർഥമാക്കുന്നുവെന്ന് അഭിപ്രായപ്പെട്ടവരും ഖുർആൻ വ്യാഖ്യാതാക്കളിൽ ഉണ്ട്. ഉദയം പൂർണമായ ശേഷമുള്ള അതിൻെറ ശോഭയെയാണ് “ദുഹാ” കുറിക്കുന്ന തെന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

അതായത്, ഉദിച്ചുയരുകയും അതിൻെറ തിളക്കത്തിൽ ലോകം മുഴുവൻ പ്രകാശിക്കുകയും ചെയ്യുന്ന സൂര്യനെക്കൊണ്ട് ഞാൻ സത്യം ചെയ്തു പറയുന്നു.

നാം പലപ്പോഴും സൂചിപ്പിച്ച സംഗതി തന്നെയാണ് ഇവിടെയുമുള്ളത്. മനുഷ്യനെ ചില കാര്യങ്ങൾ ബോധ്യപ്പെടുത്താൻ അവന് വ്യക്തമായും കാണുവാനോ കേൾക്കുവാനോ മനസ്സിലാക്കുവാനോ സാധിക്കുന്ന വസ്തുതകളെ സത്യം ചെയ്തു പറയുകയെന്നത് അല്ലാഹുവിൻെറ ഒരു ശൈലിയാണ്. അതേ ശൈലിയാണ് ഇവിടെയും സ്വീകരിച്ചിട്ടുള്ളത്.

وَٱلۡقَمَرِ إِذَا تَلَىٰهَا ﴿٢﴾ വൽ ഖമരി ഇതാ തലാഹാ

ചന്ദ്രൻ തന്നെയാണ് സത്യം, അത് അതിനെ പിന്തുടർന്നു വരുമ്പോൾ

സൂര്യൻ അസ്തമിക്കുകയും അതിനെ തുടർന്ന് ശോഭയോടെ പ്രത്യക്ഷപ്പെടുകയും ചെയ്യുന്ന ചന്ദ്രനെക്കൊണ്ട് സത്യം. ഇത് ചന്ദ്രമാസങ്ങളിലെ ആദ്യത്തെ ഏതാനും ദിനങ്ങൾ മാത്രം ദൃശ്യമാകുന്ന സംഗതിയാണ്. സൂര്യൻ അസ്തമിക്കുകയും പകലിൻെറ വെളിച്ചം നീങ്ങുകയും ചെയ്താൽ ഭൂമിക്ക് പ്രകാശം തരുന്നതിനുവേണ്ടി പ്രത്യക്ഷപ്പെടുന്നത് ചന്ദ്രനാണ്. എന്നാൽ ചന്ദ്രനാകട്ടെ, സ്വയം പ്രകാശിക്കുകയല്ല ചെയ്യുന്നത്. സൂര്യനിൽനിന്നുള്ള പ്രകാശത്താൽ അത് ശോഭിക്കുകയാണ് ചെയ്യുന്നത്. ഭൂമിക്ക് പ്രകാശം ലഭിക്കുന്നതിൽ പ്രധാന ഉപാധി സൂര്യൻ തന്നെയാണ്.

സൂര്യനെ സത്യം ചെയ്തു പറയാനുള്ള കാരണം വളരെ വ്യക്തമാണ്. സൂര്യൻ അസ്തമിക്കുകയും പകൽ പ്രകാശം പോയ്മറയുകയും ചെയ്താൽ പിന്നെ തനി ഇരുട്ടാണ് അവശേഷിക്കുക. ചന്ദ്രൻെറ അഭാവത്തിൽ കൃത്രിമ പ്രകാശം ഇല്ലാതെ

മനുഷ്യന് ഒന്നും ചെയ്യാൻ സാധിക്കുകയില്ല. അതാകട്ടെ അവനെ തീർത്തും നിഷ്ക്രിയനാക്കുകയും ചെയ്യും. അവൻെറ മരണത്തിന് തുല്യമാണത്.

ഇരുളിൽ മുങ്ങിയ ഈ നിഷ്ക്രിയതക്ക് ശേഷം വീണ്ടും സൂര്യൻ ഉദിക്കുന്ന തോടെ എല്ലാ സാധനങ്ങൾക്കും സജീവാവസ്ഥ കൈവരുന്നു. അവ വീണ്ടും ഉയിർത്തെഴുന്നേല്ക്കുകയും ഓരോന്നും അവയുടെ പ്രകൃതിയനുസരിച്ച് കർമങ്ങളിൽ വ്യാപൃതമാകുകയും ചെയ്യുന്നു.

മനുഷ്യരുടെ മരണത്തിൻെറയും പുനരുജ്ജീവിതത്തിൻെറയും മാതൃക വ്യക്തമാക്കുകയാണ് അതുവഴി ഖുർആൻ ചെയ്യുന്നത്. അതേയവസരം മനുഷ്യന് അവൻെറ കൈകടത്തൽ കൂടാതെ സംഭവിക്കുന്ന ഈ പ്രാപഞ്ചിക സംവിധാനം ഏക ദൈവത്തിൻെറ ശക്തമായ നിയന്ത്രണത്തിലാണെന്ന് അവനെ ബോധ്യപ്പെടുത്തുക കൂടിയാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്. അത്തരം കാര്യങ്ങളിൽ അവനെ സഹായിക്കാൻ മറ്റൊരു ദൈവം ഈ പ്രപഞ്ചത്തിലില്ല.

---

وَٱلنَّهَارِ إِذَا جَلَّىٰهَا ﴿٣﴾ വന്നഹാരി ഇതാ ജല്ലാഹാ

**പകലിനെ തന്നെയാണ് സത്യം, അത് അതിനെ (സൂര്യനെ) വെളിപ്പെടുത്തുമ്പോൾ**

---

ഇരുട്ടിൻെറ അന്ധകാരത്തെ കീറിമുറിച്ചു വരികയും ഭൂമിയെ പ്രകാശപ്പെടുത്തുകയും ചെയ്യുന്ന പകലിനെക്കൊണ്ടും ഞാൻ സത്യം ചെയ്യുന്നു എന്നർഥം. പകലിൻെറ ഉദയമാണല്ലോ മനുഷ്യനെ സജീവമാക്കുന്ന പ്രതിഭാസം. അതുവരെ രാത്രിയുടെ അന് കാരം ഭൂമിയെ മറച്ചുവെച്ചിരിക്കുകയായിരുന്നു.

സൂര്യൻ ഉദിച്ചുയരുകയെന്നതാണ് അതിൻെറ പിന്നിലുള്ളത്. സൂര്യപ്രകാശത്തിലാണ് പകൽ എന്ന സംഗതി നിലകൊള്ളുന്നത്. ഭൂമിയുടെ മനോഹാരിത പ്രകടമാകുന്നതും അപ്പോൾ മാത്രമാണ്.

---

وَٱلَّيْلِ إِذَا يَغْشَىٰهَا ﴿٤﴾ വല്ലൈലി ഇതാ യഗ്ശാ

**രാത്രി തന്നെയാണ് സത്യം, അത് അതിനെ മൂടുമ്പോൾ**

---

പകൽവേളയിൽ തന്നെ സൂര്യൻ അസ്തമിക്കുകയും അതിനെ പിന്തുടർന്ന് രാത്രി കടന്നുവരികയും അതുമൂലം ഭൂമി ഇരുട്ടിലകപ്പെടുകയും ചെയ്യാൻ നിമിത്തമായ രാത്രിയെക്കൊണ്ടും സത്യം എന്നർഥം.

പകൽവേള വെളിച്ചമുള്ളതും ദൃശ്യവുമാണ്. രാത്രി ഇരുണ്ടതും ഗോപ്യവുമാണ്.

---

وَٱلسَّمَآءِ وَمَا بَنَىٰهَا ﴿٥﴾ വസ്സമാഇ വമാ ബനാഹാ

**ആകാശത്തെയും അതിനെ സ്ഥാപിച്ച രീതിയെയും തയെയാണ് സത്യം**

---

ആകാശത്തെ തൂണുകളില്ലാതെ സൃഷ്ടിച്ച ആശ്ചര്യകരമായ സംവിധാനത്തെക്കൊണ്ടും ഉയർന്നുനില്ക്കുന്ന അതിൻെറ നിർമാണവൈഭവത്തെക്കൊണ്ടും ഞാൻ സത്യം ചെയ്യുന്നു.

മേൽ വിവരിച്ചതുപോലെ ആകാശത്തിൻെറ നിർമാണവൈഭവത്തെയും അതിൻെറ രീതികളെയും സംബന്ധിച്ചാണ് പരാമർശമെന്നും അതല്ല, അതിനെ സൃഷ്ടിച്ച ഏകദൈവമാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നതെന്നും വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. തൂണുകളില്ലാതെ ഉയർന്നുനില്ക്കും വിധം ആകാശത്തെ സൃഷ്ടിക്കുകയും ഗോളങ്ങളെക്കൊണ്ട് അതിനെ നിറക്കുകയും അലങ്കരിക്കുകയും ചെയ്ത ഏകദൈവത്തിൻെറ സൃഷ്ടിവൈഭവത്തെയാണ് അതുകൊണ്ട് ഉദ്ദേശിക്കുന്നത്.

---

وَٱلْأَرْضِ وَمَا طَحَىٰهَا ﴿٦﴾ വൽ അർദി വമാ ത്വഹാഹാ

**ഭൂമിയെയും അതിനെ വിസ്തൃതമാക്കിയ രീതിയെയും തന്നെയാണ് സത്യം.**

---

ഭൂമിയെ സൃഷ്ടിക്കുകയും അതിനെ ജീവജാലങ്ങൾക്ക് വാസയോഗ്യമാക്കുകയും അതിനെ അതിൻെറ പാർശ്വങ്ങളിൽനിന്ന് വിശാലമാക്കുകയും അതിൽ പലവിധ ഭക്ഷ്യപദാർഥങ്ങളും വെള്ളവും സംവിധാനിക്കുകയും ചെയ്ത ഏകദൈവത്തിൻെറ സൃഷ്ടിവൈഭവം നിറഞ്ഞുനില്ക്കുന്ന ഭൂമിയെക്കൊണ്ട് സത്യം. അതിലാകട്ടെ, മനുഷ്യന് സഞ്ചാരയോഗ്യമായ വഴികളും അവൻ സംവിധാനിച്ചിരിക്കുന്നു. അത്തരം ഭൂമിയെക്കൊണ്ടും ഞാൻ സത്യം ചെയ്യുന്നു.

---

وَنَفْسٍ وَمَا سَوَّىٰهَا ﴿٧﴾ വനഫ്സിൻ വമാ സവ്വാഹാ

മനസ്സിനെയും അതിനെ സംവിധാനിച്ച രീതിയെയും തന്നെയാണ് സത്യം.

---

മനുഷ്യൻെറ മനസ്സിനെക്കാണ്ടും ഞാൻ സത്യം ചെയ്യുന്നു. മനുഷ്യനെക്കൊണ്ടും ഞാൻ സത്യം ചെയ്യുന്നു എന്ന് അർഥം നല്കിയ പണ്ഡിതരും ഉണ്ട്. അതായത്, അതിനെ സൃഷ്ടിക്കുകയും എന്നിട്ട് അതിൽ ഏകദൈവം ജീവൻ നല്കുകയും അതിന് അതിൻെറ നന്മയും തിന്മയും ദുഷ്ടതയും സൂക്ഷ്മതയും അവൻ ബോധനം നല്കുകയും ചെയ്തിരിക്കുന്നു. എല്ലാ ന്യൂനതകളിൽനിന്നും അതിനെ മുക്തമാക്കുകയും ചെയ്തിരിക്കുന്നു. അതിനെ എല്ലാ നിലക്കും ശക്തിപ്പെടുത്തിയിരിക്കുന്നു. ചിന്താശേഷി നല്കിയിരിക്കുന്നു. ബുദ്ധി നല്കിയിരിക്കുന്നു. നല്ലതു ചീത്തയും വേർതിരിച്ചറിയാനുള്ള വിവേചനശക്തിയും നല്കിയിരിക്കുന്നു. ദുഷ്ടവും അല്ലാത്തതുമായ കാര്യങ്ങളെ സംബന്ധിച്ചും ബോധ്യപ്പെടുത്തിയിരിക്കുന്നു. ഉത്തമമായ പ്രകൃതിയിലാണ് അവൻ അതിനെ സംവിധാനിച്ചിട്ടുള്ളത്.

പ്രവാചകൻ പറഞ്ഞു: എല്ലാ മനുഷ്യരെയും നല്ല പ്രകൃതിയോടു കൂടിയാണ് അല്ലാഹു സൃഷ്ടിക്കുന്നത്. പിന്നീടാണ് അവൻെറ മാതാപിതാക്കൾ അവനെ ജൂതനോ ക്രിസ്ത്യനോ ആക്കുന്നത്." നേരായ പ്രകൃതിയാണ് മനുഷ്യമനസ്സിൻെറത്. പിന്നീട് അതിനെ ചീത്തയാക്കുന്നത് മനുഷ്യൻ തന്നെയാണ്.

---

فَأَلْهَمَهَا فُجُورَهَا وَتَقْوَىٰهَا ﴿٨﴾ ഫഅൽഹമഹാ ഫുജൂറഹാ വതഖ്വാഹാ

എന്നിട്ട് അതിന് അതിൻെറ ദുഷ്ടതയും അതിൻെറ സൂക്ഷ്മതയും അവൻ ബോധനം നല്കുകയും ചെയ്തിരിക്കുന്നു.

---

ഏകദൈവം ഓരോരുത്തനെയും നേർമാർഗവും ദുർമാർഗവും ബോധ്യപ്പെടുത്തിയിരിക്കുന്നു. ചീത്തയും നല്ലതും വേർതിരിച്ചു കാണിച്ചുകൊടുത്തിട്ടുണ്ട്. അത് മനസ്സിലാക്കാനുള്ള പ്രകൃതിയും വിവേചനബോധവും നല്കിയിരിക്കുന്നു. ദൈവാനുസരണത്തിൻെറ മാർഗവും ദൈവധിക്കാരത്തിൻെറ മാർഗവും വേർതിരിച്ചുകൊടുത്തിരിക്കുന്നു. സൂക്ഷ്മതയുടെയും ദുഷ്ടതയുടെയും മാർഗങ്ങളും ബോധ്യപ്പെടുത്തിയിരിക്കുന്നു.

മനുഷ്യന് അനുഭവപരിചയമുള്ള വ്യത്യസ്തങ്ങളായ ഏഴ് വസ്തുതകളെക്കൊണ്ടാണ് ഏകദൈവം സത്യം ചെയ്യുന്നത്. ഈ ഏഴ് സംഗതികളും അവൻെറ മഹത്വത്തിൻെറയും ഗാംഭീര്യത്തിൻെറയും ശക്തിപ്രതാപത്തിൻെറയും അടയാളങ്ങളാകുന്നു. അവയൊക്കെയും അവൻെറ മാത്രം ദിവ്യത്വത്തിനുള്ള അടയാളങ്ങളാകുന്നു. അവൻെറ സൃഷ്ടിമാഹാത്മ്യത്തിനുള്ള തെളിവുകളാകുന്നു. അവൻെറ മാത്രം നിയന്ത്രണങ്ങളിലാകുന്നു അവ മുഴുവൻ നിലകൊള്ളുന്നത്. അവനെ മാത്രമാണവ ആശ്രയിച്ചു നിലകൊള്ളുന്നത്.

ഇവിടെ ചില കാര്യങ്ങൾ കൂടി ശ്രദ്ധിക്കാനുണ്ട്. അല്ലാഹു എല്ലാ ജീവജാലങ്ങൾക്കും അവയുടെതായ ജീവിതരീതി ബോധനം ചെയ്തിട്ടുണ്ട്. പ്രകൃതിയിലെ ഏത് ജീവിയെ പരിശോധിച്ചാലും ഇക്കാര്യം മനസ്സിലാക്കാം. ജീവിക്കേണ്ടത് എങ്ങനെ എന്ന് ബോധനം ചെയ്യപ്പെടാത്ത ഒരു ജീവിയും പ്രപഞ്ചത്തിലില്ല.

മനുഷ്യനെ സംബന്ധിച്ചിടത്തോളം, നന്മയുടെയും തിന്മയുടെയും പ ാഠങ്ങൾ ഏകദൈവം അവനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. നല്ലതിനെ സംബന്ധിച്ചും

തിയ്യതിനെ സംബന്ധിച്ചും അവനെ ഏകദൈവം പഠിപ്പിച്ചിട്ടുണ്ട്. ഏത് നിലക്ക് ജീവിച്ചാലാണ് തന്റെ പ്രീതി ലഭിക്കുകയെന്നും തന്റെ കോപത്തിന് കാരണം എത്തരത്തിലുള്ള ജീവിതരീതിയാണെന്നും മനുഷ്യനെ ഏകദൈവം ബോധ്യപ്പെടുത്തിയിട്ടാണ് ഈ ലോകത്തേക്ക് അയച്ചത്. അക്കര്യം ഖുർആൻ പല സ്ഥലങ്ങളിലും പ്രതിപാദിച്ചിട്ടുണ്ട്.

നാം മനുഷ്യന് രണ്ട് മാർഗങ്ങൾ കാണിച്ചുകൊടുത്തിട്ടുണ്ട് എന്ന് ഒരിടത്ത് പ്രസ്താവിച്ചിട്ടുണ്ട്. മനുഷ്യന് രണ്ട് മാർഗങ്ങൾ കാണിച്ചുകൊടുത്തിട്ടുണ്ട്. അതിനാൽ അവന് നന്ദിയുള്ളവനാകാം അല്ലെങ്കിൽ അവന് നന്ദി കെട്ടവനായി മാറാം എന്ന് വേറെയും പ്രസ്താവിച്ചിട്ടുണ്ട്.

അതിനനുസരിച്ച യോഗ്യതകളും കഴിവുകളും അവൻ മനുഷ്യന് നൽകിയിട്ടുണ്ട്. ഏകദൈവം അവന് നൽകിയ ജ്ഞാനത്തിന് അനുസരിച്ച കർമ്മരീതിയും സംസ്കാരനാഗരികതകളും കെട്ടിപ്പടുക്കാനാവശ്യമായ ശാരീരിക കഴിവും അവൻ മനുഷ്യന് നൽകിയിട്ടുണ്ട്.

---

قَدْ أَفْلَحَ مَن زَكَّاهَا ﴿٩﴾ ഖദ് അഫ്ലഹ മൻ സക്കാഹാ

നിശ്ചയം, അതിനെ സംസ്കരിച്ചവൻ വിജയിച്ചു

---

ഏകദൈവം നൽകിയ വിശേഷ ബുദ്ധി ഉപയോഗപ്പെടുത്തി നന്മയുടെ മാർഗം തിരഞ്ഞെടുക്കുകയും അതനുസരിച്ചു സ്വന്തം മനസ്സിനെ സംസ്കരിക്കുകയും ചെയ്തവൻ ഈ ലോകജീവിതത്തിലും മറുലോകജീവിതത്തിലും വിജയിച്ചവനാണ്. ദൈവ നിർദ്ദേശമനുസരിച്ചുള്ള ജീവിതമാർഗത്തിൽ അവന്റെ മനസ്സിനെ നശിപ്പിക്കുന്ന യാതൊരു പ്രവണതക്കും ഒരു സ്ഥാനവുമില്ല.

സക എന്ന വാക്കിന് സംസ്കരിക്കുക, വളർത്തിക്കൊണ്ടുവരിക എന്നൊക്കെയാണ് അർത്ഥം. ഈ സംസ്കരണം മനുഷ്യന്റെ ബാധ്യതയാണ്. ചുറ്റുപാടു നിന്നും ലഭിക്കുന്ന പാഠങ്ങളിൽനിന്നും അവന്റെ അധ്യാപനങ്ങളിൽനിന്നും മാർഗദർശനം ഉൾക്കൊണ്ട് സ്വയം നന്നാവുകയെന്നതാണ് മനുഷ്യന്റെ ധാർമികബാധ്യത.

---

وَقَدْ خَابَ مَن دَسَّاهَا ﴿١٠﴾ വഖദ് ഖാബ മൻ ദസ്സാഹാ

നിശ്ചയം, അതിനെ കളങ്കപ്പെടുത്തിയവൻ നിർഭാഗ്യമടഞ്ഞു

---

ദസ്സ എന്ന വാക്കിന് അമർത്തിക്കളയുക, ചവിട്ടിത്താഴ്ത്തുക, ഇറക്കുക എന്നൊക്കെയാണ് അർഥം. അതായത് മുകളിൽ പറഞ്ഞതുപോലുള്ള അധ്യാപനങ്ങൾ സ്വീകരിക്കാതെ തന്നിഷ്ടം മെനഞ്ഞെടുത്ത ജീവിത രീതിയിലൂടെ മുന്നോട്ട് പോകുകയും എല്ലാ പൈശാചികവൃത്തികളിലും അകപ്പെടുകയും ചെയ്യുകയെന്നതാണ് അതുകൊണ്ടുദ്ദേശിക്കുന്നത്.

അവരുടെ മേൽ യാതൊരു വിധ ജീവിത നിയന്ത്രണവും ഉണ്ടായിരിക്കുന്നതല്ല. സന്മാർഗത്തിന്റെയും ധാർമികതയുടെയും ഒരു നിയമവും അവർക്ക് സ്വീകാര്യമായിരിക്കുകയില്ല. അതിനെതിരെയുള്ള ഏത് ഉൽബോധനത്തെയും അവർ ശത്രുതയോടെ മാത്രമേ നോക്കിക്കാണുകയുള്ളു.

ആ വിഭാഗത്തിൽ പെട്ടവർ തനി പരാജയത്തിലായിരിക്കും ഈ ലോകത്തും പരലോകത്തും അനുഭവിക്കുക. സ്വയം നന്നാകുവാൻ ഏകദൈവം നൽകിയ പാഠങ്ങൾ അവഗണിച്ചു എന്നതാണ് അതിലെ വലിയ വിഷയം.

മേൽ സൂചിപ്പിച്ച രണ്ട് കാര്യങ്ങളും മനുഷ്യജീവിതത്തിന്റെ പാരത്രിക പരിണതിയെ നിർണയിക്കുന്ന സംഗതികളാകുന്നു. സ്വന്തം മനസ്സിനെ സംസ്കരിക്കുകയും അതനുസരിച്ചു കർമ്മരംഗം ശുദ്ധീകരിക്കുകയും ചെയ്തവൻ വിജയിച്ചു. കാരണം സദ്ജീവിതത്തിന്റെ സദ്ഫലം അവൻ മാത്രമല്ല അനുഭവി

ച്ചത്, അവൻ ജീവിച്ച ചുറ്റുപാടും അതിന്റെ നന്മ അനുഭവിച്ചിട്ടുണ്ട്. എന്നാൽ, സ്വമനസ്സിനെ ദുഷിപ്പിക്കുകയും ചീത്ത മാതൃകയിൽ ജീവിക്കുകയും ചെയ്തവൻ അവനെയും അവന്റെ ചുറ്റുപാടിനെയും ഒരുപോലെ നശിപ്പിക്കുകയാണ് ചെയ്തത്. അതിന്റെ ഫലം അവൻ ഈ ലോകത്ത് വെച്ചു തന്നെ അനുഭവിക്കേണ്ടതുണ്ട്. കാരണം ദൈവം നൽകിയ സംസ്കരണ സംവിധനങ്ങൾ കളവാക്കി തള്ളി എന്ന ഗുരുതരമായ കുറ്റമാണ് അവന്റെ പേരിലുള്ളത്.

---

كَذَّبَتۡ ثَمُودُ بِطَغۡوَىٰهَآ ﴿١١﴾ കദ്ദബത് ഥമൂദു ബിത്വഗ്‌വാഹാ

ഥമൂദ് ഗോത്രം അതിന്റെ ധിക്കാരം മൂലം കളവാക്കി

---

മേൽ സൂചിപ്പിച്ച കാര്യത്തിന്റെ അതായത് സ്വമനസ്സിനെ ദുഷിപ്പിക്കുകയും ചീത്ത രീതിയിൽ ജീവിക്കുകയും അതുവഴി ജീവിത ദുരന്തം ഏറ്റുവാങ്ങുകയും ചെയ്തതിന്റെ മാതൃകയായി അല്ലാഹു മനുഷ്യരുടെ മുമ്പിൽ സമർപ്പിക്കുന്ന ഉദാഹരണം ഥമൂദ് വംശത്തിന്റെ ജീവിത രീതിയാകുന്നു.

സൗദി അറേബ്യയുടെ വടക്ക്-പടിഞ്ഞാറു ഭാഗത്ത് സ്ഥിതി ചെയ്യുന്ന ഉത്തര ഹിജാസിലായിരുന്നു ഈ ജനത അധിവസിച്ചിരുന്നത്.
ചരിത്രത്തിൽ അറിയപ്പെട്ട ശക്തരായ ജനവർഗമായിരുന്നു അവർ. സമ്പത്ത് കൊണ്ട് ഏകദൈവം അവരെ ഏറെ സഹായിച്ചിരുന്നു. അവരാകട്ടെ ദുർമാർഗ ജീവിതമാണ് നയിച്ചിരുന്നത്. അവരെ സംസ്കരിക്കുന്നതിനു വേണ്ടി അവരുടെ കൂട്ടത്തിൽ പെട്ട സ്വാലിഹ് നബിയെ ഏകദൈവം അവരിലേക്ക് പ്രവാചകനായി നിയോഗിച്ചു. എന്നാൽ അവർ അദ്ദേഹത്തെ ധിക്കരിക്കുകയും കളവാക്കുകയും ചെയ്തു. മാത്രവുമല്ല അവർ തന്റെ പ്രവാചകത്വത്തിന് തെളിവ് കൊണ്ടുവരുന്നതിന് സ്വാലിഹ് നബിയെ വെല്ലുവിളിച്ചു.

ഒരു ഒട്ടകത്തെ നൽകി ഏകദൈവം തന്റെ ദൂതൻ സ്വാലിഹിനെ സഹായിച്ചു. അതിനെയും കൊണ്ട് ഒരു നാൾ അദ്ദേഹം അവരുടെ അടുത്തേക്ക് ചെന്നു. എന്നാൽ അവർ അതിനെ കൊന്നു കളയുകയും കൂടുതൽ ധിക്കാരം വെച്ചു പുലർത്തുകയുമാണ് ചെയ്തത്. അതിനാൽ തന്നെ ദൈവം അവരെ പിൽക്കാലക്കാർക്ക് മാതൃകയാകും വിധം നശിപ്പിച്ചുകളഞ്ഞു.

(ഥമൂദ് ജനതയെ പറ്റി കൂടുതൽ വായിക്കുവാൻ ഈ വെബ്സൈറ്റിലെ പിൻഗാമികൾ എന്ന മാറ്റർ വായിക്കുക)

---

إِذِ ٱنۢبَعَثَ أَشۡقَىٰهَا ﴿١٢﴾ ഇദിംബഅഥ അശ്ഖാഹാ

അവരിലെ ഏറ്റവും ദുഷ്ടൻ ഒരുങ്ങിപ്പുറപ്പെട്ട സന്ദർഭം

---

സ്വാലിഹ് നിങ്ങളെ ഒരു ഒട്ടകത്തിലൂടെ പരാജയപ്പെടുത്തിയിരിക്കുന്നു, അതിനാൽ അതിനെ കൊന്നുകളയുക എന്ന് പിശാച് അവർക്ക് ദുർബോധനം നൽകിയ നിമിഷം തന്നെ അവരിൽ പെട്ട ഏതാനും ആളുകൾ ഒട്ടകത്തെ കൊന്നുകളയുവാൻ ഒരുങ്ങിപ്പുറപ്പെട്ടു. അവർ അവരുടെ കൂട്ടത്തിലെ വലിയ ദുഷ്ടന്മാരായിരുന്നു.

---

فَقَالَ لَهُمۡ رَسُولُ ٱللَّهِ نَاقَةَ ٱللَّهِ وَسُقۡيَٰهَا ﴿١٣﴾ ഫഖാല ലഹും റസൂലുല്ലാഹി നാഖതല്ലാഹി വസുഖ്‌യാഹാ

അപ്പോൾ അവരോട് ദൈവദൂതൻ പറഞ്ഞു, അല്ലാഹുവിന്റെ ഒട്ടകം (നിങ്ങൾ സൂക്ഷിക്കുക) അതിന്റെ കുടിവെള്ളത്തെയും

---

സ്വാലിഹ് നബി അവരിലേക്ക് ഒട്ടകവുമായി വരുമ്പോൾ അവർക്ക് നൽകിയിരുന്ന നിബന്ധന ഇതായിരുന്നു: നിങ്ങൾ ഒട്ടകത്തെ തെല്ലും ദ്രോഹിക്കരുത്. കുടിവെള്ളം ഒരു നാൾ നിങ്ങൾക്കും അടുത്ത ദിവസം ഒട്ടകത്തിനുമായി വിഭജിക്കണം. അത് വെള്ളം കുടിക്കുന്ന ദിവസം നിങ്ങൾ അവിടേക്ക് പോകരുത്. നിങ്ങൾ അത് ലംഘിക്കുന്ന പക്ഷം നിങ്ങളെ ദൈവിക ശിക്ഷ പിടികൂടുന്നതാണ് എന്ന് സ്വാലിഹ് അവർക്ക് മുന്നറിയിപ്പ് നൽകിയിരുന്നു.

---

فَكَذَّبُوهُ فَعَقَرُوهَا فَدَمْدَمَ عَلَيْهِمْ رَبُّهُم بِذَنۢبِهِمْ فَسَوَّىٰهَا ﴿١٤﴾

ഫകദ്ദബൂഹു ഫഅഖറൂഹാ ഫദംദമ അലൈഹിം  റബ്ബുഹും ബിദമ്ബിഹിം ഫസവ്വാഹാ

അപ്പോൾ അവർ അദ്ദേഹത്തെ നിഷേധിച്ചുകളയുകയും അങ്ങനെ അതിനെ അറുക്കുകയും ചെയ്തു. അപ്പോൾ അവരുടെ രക്ഷിതാവ്  അവരെ അവരുടെ പാപം കാരണമായി സമൂലനാശം വരുത്തി, അത് (അവരിൽ) സമമാക്കുകയും ചെയ്തു.

---

എന്നാൽ ഈ മുന്നറിയിപ്പ് അവഗണിച്ചു അവർ ഒട്ടകത്തെ കൊന്നുകളഞ്ഞു. ഏകദൈവം നൽകിയ എല്ലാ മുന്നറിയിപ്പുകളെയും ദൃഷ്ടാന്തങ്ങളെയും തള്ളിക്കളയുകയും ധിക്കാരം പ്രവർത്തിക്കുകയും ചെയ്തതിന്റെ ഫലമായി അവൻ അവെരെ സമൂലം നശിപ്പിച്ചു കളഞ്ഞു. അതിശക്തമായ പ്രകമ്പനത്തിലൂടെയാണ് അവൻ അവരെ ശിക്ഷിച്ചത്. അവരിൽ ആരും അതിൽനിന്ന് രക്ഷപ്പെടുകയുണ്ടായില്ല. അതത്രെ സമമാക്കി എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത്.

---

وَلَا يَخَافُ عُقْبَٰهَا ﴿١٥﴾   വലാ യഖാഫു ഉഖ്ബാഹാ

അവൻ അതിന്റെ അനന്തരഫലത്തെ ഭയപ്പെട്ടില്ല

---

ഏകദൈവത്തിന്റെ പ്രപഞ്ചത്തിന്മേലുള്ള പരമാധികാരത്തെയും അവന്റെ ശക്തിമാഹാത്മ്യത്തെയും തുറന്നു കാട്ടുന്ന വചനമാണിത്.

ഭൗതികലോകത്ത് ഒരാൾ മറ്റൊരാളെ ശിക്ഷിക്കുമ്പോൾ ഒരുപക്ഷെ അയാൾക്ക് അതിന്റെ പരിണതിയെ സംബന്ധിച്ച ആശങ്കയുണ്ടാവുക സ്വാഭാവികമാണ്. പല ഘടകങ്ങളും അതിനുണ്ട്. നീതി, പരമാധികാരം തുടങ്ങിയ സംഗതികളിൽ മനുഷ്യന്റെ അധികാരം നാമമാത്രമാണ്, ആപേക്ഷികവുമാണ്. എന്നാൽ പ്രപഞ്ചസ്രഷ്ടാവായ ഏകദൈവത്തിന്റെ സ്ഥിതി നേരെ മറിച്ചാണ്. അവൻ എന്ത് ഉദ്ദേശിക്കുന്നുവോ അത് നടപ്പിൽ വരുത്താൻ മാത്രം ശക്തനാകുന്നു അവൻ. ആരെയെങ്കിലും ശിക്ഷിക്കണമെങ്കിൽ അതിന്റെ ഭവിഷ്യത്തിനെ സംബന്ധിച്ചു അവൻ അശേഷം ഭയപ്പെടേണ്ടതില്ല. അതു തന്നെയാണ് ശക്തരായ ഥമൂദ് ജനതയുടെ കാര്യത്തിലും സംഭവിച്ചത്. കാരണം, നീതിമാനായ അവന്റെ പരമാധികാരത്തെ ചോദ്യം ചെയ്യുവാൻ ആരുമില്ല.